## ബാലനീതി (ശ്രദ്ധയും സംരക്ഷണവും) നിയമം 2015

നിയമവുമായി പൊരുത്തപ്പെടാത്തതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായിട്ടുള്ളതുമായ കുട്ടികളുടെ സംരക്ഷണം, പുനരധിവാസം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിയമം.

## ബാല – കൗമാരതൊഴിൽ (നിയന്ത്രണവും നിരോധനവും) നിയമം 2016

14വയസ്സിന് താഴെയുള്ള കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യുന്നത് നിരോധിച്ചും കൗമാരപ്രായക്കാരായ കുട്ടികളെ ഉപയോഗിച്ച് അപകടകരമായ തൊഴിൽ എടുപ്പിക്കുന്നത് നിയമ പ്രകാരം തടയുന്നതിനുള്ള നിയമം.

## പോക്സോ നിയമം 2012

ലൈംഗിക അതിക്രമം, പീഡനം, അശ്ലീല ചിത്രീകരണം തുടങ്ങിയ കുറ്റകൃത്യങ്ങളെ ഇല്ലാതാക്കാനും കുട്ടികൾക്കെതിരെ ലൈംഗിക കുറ്റകൃത്യം നടക്കാൻ സാധ്യതയുന്നെ് മനസ്സിലാക്കിയാൽ പ്രസ്തുത വിവരം പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഓരോ വ്യക്തിക്ക് പോക്സോ നിയമപ്രകാരം നിയമപരമായ ബാധ്യതയുണ്ട്.

## വിദ്യാഭ്യാസ അവകാശ നിയമം – 2009

6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

18 വയസ്സിന് താഴെയുള്ള ഏതൊരാളും കുട്ടിയാണ്

**ബാലവേല-**
**ബാലഭിക്ഷാടനം**
**ശ്രദ്ധയിൽപ്പെട്ടാൽ**
**വിളിക്കൂ**

**1098** അല്ലെങ്കിൽ **1517** ഏത്
പാതിരാത്രിയിലും സൗജന്യമായി



# ശരണബാല്യം


ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, എറണാകുളം
താഴത്തെ നില, സിവിൽസ്റ്റേഷൻ, കാക്കനാട്
ഫോൺ: 0484 2609177, 8281899466
e-mail: dcpuernakulam@gmail.com


വനിതാ ശിശു വികസന വകുപ്പ്
സംയോജിത ശിശുസംരക്ഷണ പദ്ധതി




# ശരണബാല്യം


ബാലവേല – ബാലഭിക്ഷാടനം
ബാലചൂഷണ തെരുവുബാല്യ – വിമുക്തകേരളം


ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, എറണാകുളം
താഴത്തെ നില, സിവിൽസ്റ്റേഷൻ, കാക്കനാട്
ഫോൺ: 0484 2609177, 8281899466
e-mail: dcpuernakulam@gmail.com

# ? എന്താണ് ശരണ ബാല്യം

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശുസംരക്ഷണ പദ്ധതി വഴി ബാലവേല – ബാലഭിക്ഷാടനം – തെരുവ് ബാല്യവിമുക്തകേരളം എന്ന ലക്ഷ്യവുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ശരണബാല്യം



## ശരണബാല്യം പദ്ധതി ആർക്കുവേണ്ടി

- ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ.
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ.
- കുട്ടിക്കടത്തിനു വിധേയമാകുന്ന കുട്ടികൾ.
- സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ.

## ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് (ഡി.സി.പി.യു)

സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ജില്ലാതല പ്രവർത്തന സംവിധാനമായ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേനയാണ് ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നത്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി)

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സംരക്ഷണം – പുനരധിവാസം എന്നിവ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന നിയമസംവിധാനമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി

## ചൈൽഡ് റെസ്ക്യുഫോഴ്സ്

പ്രയാസകരമായ സാഹചര്യത്തിലുള്ള ഏതൊരു കുട്ടിയെയും സംബന്ധിച്ച് വിവരം ലഭിച്ചാൽ പോലീസ് , ചൈൽഡ് വെൽഫെയർ കമ്മിറ്റി മറ്റുവകുപ്പ് എന്നിവയുടെ സഹായത്തോടെ കുട്ടികളുടെ തുടർസംരക്ഷണത്തിനും നടപടി അടിയന്തിരമായി സ്വീകരിക്കുക എന്നതാണ് ചൈൽഡ് റെസ്ക്യുഫോഴ്സിന്റെ പ്രധാന ചുമതല. ചൈൽഡ് റെസ്ക്യുഫോഴ്സിന്റെ സേവനം ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ ലഭ്യമാണ്.

## ചിൽഡ്രൻസ് ഹോം

ബാല നീതി നിയമം നിർവഹിച്ചിട്ടുള്ള പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളാണ് ചിൽഡ്രൻസ് ഹോം.